ശബരിമല വാർത്താക്കുറിപ്പ്

**12.01.2025**

**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## മകരവിളക്ക്; പാണ്ടിത്താവളത്തിലും അന്നദാന വിതരണത്തിന് സൗകര്യം

മകരവിളക്ക് ദ4ശിക്കാ9 പാണ്ടിത്താവളത്തിലും സമീപ വ്യൂ പോയിന്റുകളിലും തമ്പടിക്കുന്ന അയ്യപ്പഭക്ത4ക്കായി ദേവസ്വം ബോ4ഡിന്റെ നേതൃത്വത്തിൽ അന്നദാന വിതരണം നടത്തും. പ്രധാന അന്നദാന മണ്ഡപത്തിൽ നിന്നുള്ള ഭക്ഷണം ഇവിടെയെത്തിച്ചാണ് വിതരണം ചെയ്യുക. ഇതിനായി പാണ്ടിത്താവളത്തിൽ രണ്ട് താത്കാലിക അന്നദാന മണ്ഡലപങ്ങൾ സജ്ജമാക്കി കഴിഞ്ഞു. മകരവിളക്ക് ദ4ശിക്കാനെത്തുന്ന ഭക്ത4 ഭക്ഷണം പാചകം ചെയ്യുന്നതിന് അടുപ്പ കൂട്ടരുതെന്ന് ക4ശന നി4ദേശമുണ്ട്. ജനുവരി 13, 14 തീയതികളിലായിരിക്കും പാണ്ടിത്താവളത്തിൽ അന്നദാന മണ്ഡപത്തിൽ ഭക്ഷണവിതരമുണ്ടായിരിക്കുകയെന്ന് അന്നദാനം സ്പെഷ്യൽ ഓഫീസ4 ദിലീപ് കുമാ4 പറഞ്ഞു.

ഈ വ4ഷം തീ4ഥാടന കാലത്ത് മണ്ഡലകാലം ആരംഭം മുതൽ ജനുവരി 11 വരെയുള്ള കാലയളവിൽ ആകെ 10,36,000 പേരാണ് സന്നിധാനത്തെ അന്നദാനമണ്ഡപത്തിൽ നിന്ന് ഭക്ഷണം കഴിച്ചത്. മണ്ഡലകാലത്ത് മാത്രമായി 7,82,000 പേ4 ഭക്ഷണം കഴിച്ചു.

ദിവസേന 25000 പേരാണ് അന്നദാന മണ്ഡപത്തിൽ നിന്ന് ഭക്ഷണം കഴിക്കുന്നത്. മൂന്ന് ഇടവേളകളിലായി 24 മണിക്കൂറും അന്നദാനമുണ്ട്. രാവിലെ ഏഴു മുതൽ 11 വരെയാണ് പ്രഭാത ഭക്ഷണം. ഉച്ചയ്ക്ക് 12 മുതൽ മൂന്ന് വരെയാണ് ഉച്ചഭക്ഷണം. ഉപ്പുമാവ്, കടലക്കറി, ചുക്ക് കാപ്പി എന്നിവയാണ് പ്രഭാത ഭക്ഷണം. വെജിറ്റബിൾ പുലാവ്, സാലഡ് അല്ലെങ്കിൽ വെജിറ്റബിൾ കറി, അച്ചാ4, ചുക്കുവെള്ളം എന്നിവയാണ്

ഉച്ചഭക്ഷണം. കഞ്ഞി, ചെറുപയ4, അച്ചാ4 എന്നിവ രാത്രിയിൽ 6.30 മുതൽ മുതൽ 12 വരെ ഭക്ത4ക്ക് വിളമ്പും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസ4, അന്നദാനം സ്പെഷ്യൽ ഓഫീസ4, രണ്ട് അസിസ്റ്റന്റ് ഓഫീസ4 എന്നിവ4ക്കാണ് മേൽനോട്ട ചുമതല. ഇവ4ക്ക് കീഴിൽ ദേവസ്വം ജീവനക്കാരും പാചകക്കാരും ദിവസവേതനക്കാരുമുൾപ്പടെ 300 ലധികം പേ4 ജോലി ചെയ്യുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസ4 ശ്രീനിവാസ9 പോറ്റി, സ്പെഷ്യൽ ഓഫീസ4 ദിലീപ് കുമാ4, രണ്ട് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസ4മാ4 എന്നിവരുടെ മേൽനോട്ടത്തിലാണ് അന്നദാനം. മൂന്ന് ഷിഫ്റ്റുകളായാണ് ജീവനക്കാരുടെ പ്രവ4ത്തനം. പത്മനാഭ9, രാധാകൃഷ്ണ9,  ദിലീപ് എന്നിവരുടെ നേതൃത്വത്തിലുള്ള പാചകക്കാരുടെ സംഘമാണ് ഭക്തരുടെ മനവും വയറും നിറയ്ക്കുന്ന രുചികരമായ വിഭവങ്ങൾ തയാറാക്കുന്നത്.

## വ്യാപാര സ്ഥാപനങ്ങളിൽ കർശന പരിശോധന തുടരും; 1,47,000 രൂപ പിഴ ഈടാക്കി

* തുടർച്ചയായി നിയമം ലംഘിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തും

ഡ്യൂട്ടി മജിസ്ട്രേറ്റിന്റെയും ലീഗൽ മെട്രോളജി വകുപ്പിന്റെയും നേതൃത്വത്തിൽ സന്നിധാനത്തെ കടകളിലും സ്ഥാപനങ്ങളിലും പരിശോധന കർശനമാക്കി. ജനുവരി 7 മുതൽ 12 ഉച്ചവരെയുള്ള കണക്ക് പ്രകാരം143 കടകളിൽ പരിശോധന നടത്തി. 26 കേസുകളെടുത്തു. 1,47,000 രൂപ പിഴ ഈടാക്കി. ജനുവരി 11 ന് മാത്രം 68,000 രൂപ പിഴ ഈടാക്കി. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന കടകൾ, അധിക വില ഈടാക്കിയത്, അളവിലും തൂക്കത്തിലും കൃത്രിമം തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ നിന്നാണ് പിഴ ഈടാക്കിയത്.

13 പേരടങ്ങുന്ന രണ്ട് സ്ക്വാഡുകളായാണ് പരിശോധന. റവന്യൂ, ലീഗൽ മെട്രോളജി, സപ്ലൈകോ, ആരോഗ്യം എന്നീ

വകുപ്പുകളാണ് സംയുക്ത സ്ക്വാഡിലുള്ളത്. വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുകയും തുടർച്ചായി നിയമലംഘനം കണ്ടെത്തുകയും ചെയ്യുന്ന ഹോട്ടലുകളെയും സ്ഥാപനങ്ങളെയും കരിമ്പട്ടികയിൽപ്പെടുത്തി അടുത്ത വർഷങ്ങളിൽ സന്നിധാനത്ത് വ്യാപാരം നടത്തുന്നതിൽ നിന്ന് ഒഴിവാക്കും.

## വ്യാപാര സ്ഥാപനങ്ങളിൽ കർശന പരിശോധന തുടരും; 1,47,000 രൂപ പിഴ ഈടാക്കി

* തുടർച്ചയായി നിയമം ലംഘിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തും

ഡ്യൂട്ടി മജിസ്ട്രേറ്റിന്റെയും ലീഗൽ മെട്രോളജി വകുപ്പിന്റെയും നേതൃത്വത്തിൽ സന്നിധാനത്തെ കടകളിലും സ്ഥാപനങ്ങളിലും പരിശോധന കർശനമാക്കി. ജനുവരി 7 മുതൽ 12 ഉച്ചവരെയുള്ള കണക്ക് പ്രകാരം143 കടകളിൽ പരിശോധന നടത്തി. 26 കേസുകളെടുത്തു. 1,47,000 രൂപ പിഴ ഈടാക്കി. ജനുവരി 11 ന് മാത്രം 68,000 രൂപ പിഴ ഈടാക്കി. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന കടകൾ, അധിക വില ഈടാക്കിയത്, അളവിലും തൂക്കത്തിലും കൃത്രിമം തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ നിന്നാണ് പിഴ ഈടാക്കിയത്.

13 പേരടങ്ങുന്ന രണ്ട് സ്ക്വാഡുകളായാണ് പരിശോധന. റവന്യൂ, ലീഗൽ മെട്രോളജി, സപ്ലൈകോ, ആരോഗ്യം എന്നീ വകുപ്പുകളാണ് സംയുക്ത സ്ക്വാഡിലുള്ളത്. വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുകയും തുടർച്ചായി നിയമലംഘനം കണ്ടെത്തുകയും ചെയ്യുന്ന ഹോട്ടലുകളെയും സ്ഥാപനങ്ങളെയും കരിമ്പട്ടികയിൽപ്പെടുത്തി അടുത്ത വർഷങ്ങളിൽ സന്നിധാനത്ത് വ്യാപാരം നടത്തുന്നതിൽ നിന്ന് ഒഴിവാക്കും.

# മകരവിളക്ക്; സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി

മകരവിളക്കിനു മുന്നോടിയായുള്ള ക്രമീകരണങ്ങൾ വിലയിരുത്താൻ പോലീസ് സ്പെഷ്യൽ ഓഫീസർ വി. അജിത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേർന്നു. മകരവിളക്കിനു മുന്നോടിയായി കർശന സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്. ഓരോ വകുപ്പും സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ നിർദേശം നൽകി.

മകരവിളക്ക് ദർശിക്കാനായുള്ള വ്യൂ പോയിന്റുകളിൽ ബാരിക്കേഡ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉയരം കൂടിയ കെട്ടിടങ്ങളിൽ കയറി നിൽക്കാൻ അനുവദിക്കില്ല. ഇതിനായി പട്രോളിംഗ് ശക്തമാക്കും. അടുപ്പ് കൂട്ടി പാചകം ചെയ്യുന്നതിനും കർശന നിയന്ത്രണമേർപ്പെടുത്തി. പാചകം ചെയ്യാൻ വലിയ പാത്രങ്ങൾ കൊണ്ടുവരുന്നത് അനുവദിക്കില്ല. മകരവിളക്ക് ദർശനത്തിനായി കാത്തുനിൽക്കുന്നവർക്ക് വിതരണം ചെയ്യാൻ ആറ് ചുക്കുവെള്ള കൗണ്ടറുകൾ സജ്ജമാണ്. ഈ കൗണ്ടറുകളിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ബിസ്കറ്റുകളും എത്തിച്ചു. പാണ്ടിത്താവളത്തിൽ അന്നദാന വിതരണത്തിനുള്ള സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

തടസമില്ലാത്ത വൈദ്യുതി വിതരണം കെഎസ്ഇബി ഉറപ്പാക്കും. മുൻവർഷങ്ങളിൽ പ്രകാശക്രമീകരണം ഏർപ്പെടുത്തിയ എല്ലാ സ്ഥലങ്ങളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. വൈദ്യുതി തടസം നേരിട്ടാൽ ദേവസ്വം ബോർഡിന്റെ ബാക്ക് അപ്പ് സംവിധാനം ഉപയോഗപ്പെടുത്തും.

കുടിവെള്ള ലഭ്യത വാട്ടർ അതോറിറ്റി ഉറപ്പാക്കിയിട്ടുണ്ട്. സ്ട്രെച്ചറുകൾ, ആംബുലൻസ്, ഡോക്ടർമാരുടെ സേവനം എന്നിവ ആരോഗ്യ വകുപ്പ് ഉറപ്പാക്കും. മകരവിളക്കുമായി ബന്ധപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾക്കായി റവന്യൂ, പോലീസ്, ഫയർ ഫോഴ്സ്, ആരോഗ്യം, കെഎസ്ഇബി, വാട്ടർ അതോറിറ്റി,

ദേവസ്വം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഏകോപനം ഉറപ്പാക്കും. തിങ്കളാഴ്ച വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പ്രധാന കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റിംഗും നടത്തും.

ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബു, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ജി.വി. പ്രമോദ്, അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ കെ.വി. വേണുഗോപാൽ, ജോയിന്റ് സ്പെഷ്യൽ ഓഫീസർ പി.ബി. കിരൺ, വിജിലൻസ് എസ് പി സുനിൽ കുമാർ, റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, എൻഡിആർഎഫ് ഡെപ്യൂട്ടി കമാൻഡന്റ് സങ്കീത് ഗെയ്ക്ക് വാദ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സന്നിധാനം പ്രകാശപൂരിതമാകും; നാലായിരം അധിക വിളക്കുകൾ സ്ഥാപിച്ച് കെഎസ്ഇബി

മകരവിളക്കിന് മുന്നോടിയായി കെഎസ്ഇബിയുടെ നേതൃത്വത്തിലുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തടസമില്ലാതെ വൈദ്യുതി ഉറപ്പാക്കുന്നതിനും ആവശ്യമായ ഇടങ്ങളിൽ പ്രകാശം ക്രമീകരിക്കാനുമുള്ള നടപടികൾ പൂർത്തിയാക്കിവരികയാണ്.

മകരവിളക്ക് ദർശനത്തിന് ഭക്തർ തമ്പടിക്കുന്ന പാണ്ടിത്താവളം ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ പ്രത്യേക വെളിച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ആവശ്യാരസരണം കൂടുതൽ സ്ഥലങ്ങളിൽ വെളിച്ചം ഒരുക്കും. മകരവിളക്കിനോടനുബന്ധിച്ച് നാലായിരം ലൈറ്റുകളാണ് അധികമായി സ്ഥാപിച്ചിട്ടുള്ളത്. ആവശ്യനുസരണം കൂടുതൽ വിളക്കുകൾ സ്ഥാപിക്കുന്നതിനായി 500 വിളക്കുകൾ റിസർവായി സൂക്ഷിച്ചിട്ടുണ്ട്. പത്ത് ഡ്യൂട്ടി പോയിന്റുകളിലായി ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. ഭക്തർ വിരി വെക്കുന്നതിനു മുന്നേ ഹെലിപ്പാഡ് പോലുള്ള സ്ഥലങ്ങളിൽ വിളക്കുകൾ സ്ഥാപിച്ചു. മരക്കൂട്ടത്തും പമ്പയിലും വെളിച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

മകരജ്യോതി ദർശനത്തിനു ശേഷം ഭക്തർ തിരിച്ചിറങ്ങാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള എക്സിറ്റ് പോയിന്റുകളിലും ആവശ്യമായ

വിളക്കുകൾ സ്ഥാപിച്ചു. സന്നിധാനത്ത് നിലവിൽ 25 ഉദ്യോഗസ്ഥരാണ് പ്രവർത്തിക്കുന്നത്. തിങ്കളാഴ്ച കൂടുതൽ ജീവനക്കാരെത്തും. മകരവിളക്ക് ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് 50 ജീവനക്കാർ കർമ്മനിരതരാകും.

വൈദ്യുതി വിതരണത്തിൽ തടസം നേരിടാതിരിക്കാനും ഭക്തർക്ക് സുഗമമായ ദർശനം സാധ്യമാക്കാനുമുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയതായി സന്നിധാനം അസിസ്റ്റന്റ് എൻജിനീയർ അനിൽ കുമാർ പറഞ്ഞു. മൂന്ന് ഫീഡറുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഏതെങ്കിലും ഫീഡറിൽ നിന്നുളള വൈദ്യുതി വിതരണത്തിൽ തടസം നേരിട്ടാൽ അടുത്ത ഫീഡറിലേക്ക് സ്വിച്ച് ചെയ്ത് വിതരണം ഉറപ്പാക്കാനാകും. കൂടാതെ ജനറേറ്റർ സംവിധാനവുമുണ്ട്. ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ ബാക്ക് അപ്പ് സംവിധാനവും പ്രയോജനപ്പെടുത്താനാകും.  വൈദ്യുതി വിതരണത്തിന്റെയും വെളിച്ച ക്രമീകരണത്തിന്റെയും കാര്യത്തിൽ പ്രത്യേക ജാഗ്രത പുലർത്തുമെന്നും അസിസ്റ്റന്റ് എൻജിനീയർ പറഞ്ഞു.

## കാനന ക്ഷേത്രത്തിൽ ഭക്തിഗാനാർച്ചനയുമായി കാനന പാലകർ

നിറഞ്ഞ മനസ്സോടെ  അയ്യപ്പന് ഭക്തിഗാനാർച്ചനയുമായി വനപാലകർ. വടശ്ശേരിക്കര റേഞ്ച് ഫോറസ്റ്റ് ഓഫീസർ കെ.യു. രതീഷിന്റെ നേതൃത്വത്തിലുള്ള 21 പേരടങ്ങുന്ന സംഘമാണ് ശബരിമല സന്നിധാനം ശ്രീധർമ ശാസ്താ ഓഡിറ്റോറിയത്തിൽ ഗാനാർച്ചന അവതരിപ്പിച്ചത്. വനം, വന്യജീവി വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം വന സംരക്ഷണ സമിതി പ്രവർത്തകരും ഗാനാർച്ചനയിൽ പങ്കാളികളായി. എക്കാലത്തെയും പ്രിയപ്പെട്ട അയ്യപ്പഭക്തിഗാനങ്ങൾ കോർത്തിണക്കിയ അർച്ചന ഭക്തർക്ക് ആനന്ദമേകി. എല്ലാ വർഷവും മകരവിളക്കിനു മുൻപായി ഇവർ ഗാനാർച്ചന അവതരിപ്പിക്കാറുണ്ട്. തുടർച്ചായി മൂന്നാം വർഷമാണ് വനം വകുപ്പ് ജീവനക്കാർ സന്നിധാനത്ത് പാടുന്നത്.

സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ പി.ജി. സന്തോഷ്, സി.കെ. സുജിത്ത് എന്നിവർ രചിച്ച 'പൊന്നു പതിനെട്ടാം പടിയിൽ എന്ന അയ്യപ്പഭക്തിഗാനത്തിന്റെ ഓഡിയോ ലോഞ്ചും ഇതോടൊപ്പം നടന്നു. സ്പെഷ്യൽ ഡ്യൂട്ടി ഓഫീസറായ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അൻവർ മുഹമ്മദ് ഓഡിയോ ലോഞ്ച് നിർവഹിച്ചു.

## മാർഗനിർദേശങ്ങൾക്കനുസരിച്ച് മകരജ്യോതി ദർശനത്തിനും തിരിച്ചിറങ്ങലിനും ഭക്തർ ശ്രദ്ധിക്കണം- പോലീസ്

മകരജ്യോതി ദർശനത്തിന് എത്തുന്ന ഭക്തർ പോലീസ് ഏർപ്പെടുത്തിയ ക്രമീകരണങ്ങളും മാർഗനിർദേശങ്ങളും പാലിക്കണമെന്ന് സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ വി. അജിത് അറിയിച്ചു.

വെർച്വൽ ക്യൂ ബുക്കിംഗ്/സ്പോട്ട് ബുക്കിംഗ് ഉള്ളവരെ മാത്രമേ 13, 14 തീയതികളിൽ നിലക്കലിൽ നിന്നും പമ്പയിലേക്ക് കടത്തിവിടുകയുള്ളൂ. 14ന് രാവിലെ 7.30 മണിമുതൽ നിലക്കലിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. 14ന് രാവിലെ 10 മണിവരെ മാത്രമേ നിലക്കലിൽ നിന്നും പമ്പയിലേക്ക് വാഹനങ്ങൾ കടത്തിവിടുള്ളൂ.

ഉച്ചക്ക് 12 മണിവരെ മാത്രമേ പമ്പയിൽനിന്നും ഭക്തരെ സന്നിധാനത്തേക്ക് കടത്തിവിടുകയുള്ളൂ. (തിരുവാഭരണം വലിയാനവട്ടത്ത് എത്തുന്ന സമയം മുതൽ). പിന്നീട് തിരുവാഭരണം ശരംകുത്തിയിൽ എത്തിയശേഷം മാത്രമേ (വൈകുന്നേരം 5.30 മണിക്കുശേഷം) ഭക്തരെ പമ്പയിൽനിന്ന് സന്നിധാനത്തേക്ക് കടത്തിവിടുകയുള്ളൂ.

ഭക്തരെ സ്റ്റൗ, വലിയ പാത്രങ്ങൾ ഗ്യാസ് കുറ്റി എന്നിവയുമായി സന്നിധാനത്തേക്ക് പ്രവേശനം അനുവദിക്കില്ല. മരത്തിന്റെ മുകളിൽ നിന്നോ, ഉയരമുള്ള കെട്ടിടങ്ങളുടെ ടെറസ്സിൽ

കയറിനിന്നോ, വാട്ടർ ടാങ്കുകളുടെ ഉയരെ കയറിനിന്നോ മകരജ്യോതി ദർശനം അനുവദിക്കില്ല.

ദേവസ്വം അനുവദിക്കുന്ന സ്പെഷ്യൽ പാസ് ഉള്ളവരെ മാത്രമേ തിരുമുറ്റത്ത് ദീപാരാധന സമയത്ത് നിൽക്കാൻ അനുവദിക്കുകയുള്ളൂ. പമ്പയിലും സന്നിധാനത്തും പരിസരത്തുമുള്ള പുറംകാടുകളിലും തുറസ്സായ സ്ഥലങ്ങളിലും താത്കാലിക കുടിലുകൾ, പർണ്ണശാലകൾ എന്നിവ കെട്ടാൻ അനുവദിക്കില്ല. യാതൊരു കാരണവശാലും താത്കാലിക പാചകം നടത്താൻ ഭക്തരെ അനുവദിക്കില്ല.

ഭക്തർ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ ക്യൂ പാലിച്ച് മാത്രം കയറണം. മകരജ്യോതി ദർശനത്തിനെത്തുന്ന ഭക്തജനങ്ങൾ അവിടെ സ്ഥാപിച്ചിരിക്കുന്ന ബാരിക്കേഡുകളിൽ ചാരി നിൽക്കാനോ കെട്ടിയിരിക്കുന്ന വടം മുറിച്ച് കടക്കാനോ ശ്രമിക്കരുത്.

വാട്ടർ ടാങ്കുകൾ, ഉയരം കൂടിയ കെട്ടിടങ്ങൾ എന്നിവയിൽ കയറി നിൽക്കരുത്. അവരവരുടെ വിലപിടിപ്പുള്ള വസ്തുക്കൾ മോഷണം പോകാതെ പ്രത്യേകം ശ്രദ്ധിക്കണം. മണികണ്ഠസ്വാമികൾ, മാളികപ്പുറങ്ങൾ, വയോധികരായ സ്വാമിമാർ എന്നിവരെ കൂട്ടം തെറ്റാതെ പ്രത്യേകം ശ്രദ്ധിക്കണം.

ഭക്തർ വന്ന വാഹനനമ്പർ, പാർക്ക് ചെയ്ത ഗ്രൗണ്ട് നമ്പർ, ഡ്രൈവർ, ഗുരുസ്വാമിമാരുടെ ഫോൺനമ്പർ എന്നിവ പ്രത്യേകം വാങ്ങി സൂക്ഷിക്കണം. മടങ്ങിപോകുന്ന സ്വാമിമാർ അതത് പാർക്കിംഗ് ഗ്രൗണ്ടുകളിലെത്തി വാഹനങ്ങളിൽ കയറി എത്രയുംവേഗം നാട്ടിലേക്ക് മടങ്ങാൻ ശ്രദ്ധിക്കണം. സാവധാനവും സുരക്ഷിതവുമായി വാഹനമോടിക്കാൻ ഡ്രൈവർമാർ ശ്രദ്ധിക്കണം.

### അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം മകരജ്യോതി ദർശിക്കണം

അനുവദനീയമായ സ്ഥലങ്ങൾ നിന്ന് മാത്രം മകരജ്യോതി ദർശിക്കാൻ ഭക്തർ ശ്രദ്ധിക്കണം. നിലക്കലിൽ അട്ടത്തോട്,

അട്ടത്താട് പടിഞ്ഞാറെ കോളനി, ഇലവുങ്കൽ, നെല്ലിമല, അയ്യൻമല എന്നീ സ്ഥലങ്ങളിൽ ദർശിക്കാം. പമ്പയിൽ ഹിൽടോപ്പ്, ഹിൽടോപ്പ് മധ്യഭാഗം, വലിയാനവട്ടം എന്നിവിടങ്ങളിലും സന്നിധാനത്ത് പാണ്ടിത്താവളം, ദർശനം കോംപ്ലക്സിന്റെ പരിസരം, അന്നദാന മണ്ഡപത്തിന്റെ മുൻവശം, തിരുമുറ്റം തെക്കുഭാഗം, ആഴിയുടെ പരിസരം, കൊപ്രാക്കളം, ജ്യോതിനഗർ, ഫോറസ്റ്റ് ഓഫീസിന്റെ മുൻവശം, വാട്ടർ ആതോറിറ്റി ഓഫീസിന്റെ പരിസരം എന്നിവിടങ്ങളിൽ നിന്ന് മകരജ്യോതി ദർശിക്കാൻ അനുമതിയുണ്ട്.

എമർജൻസി മെഡിക്കൽ സെൻററുകൾ പാണ്ടിത്താവളം ജംഗ്ഷൻ, വാവർ നട, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ തയാറാണ്. വിവിധ സ്ഥലങ്ങളിൽ സ്ട്രച്ചർ സേവനം ലഭ്യമാണ്. ഉരക്കുഴി, പാണ്ടിത്താവളം ജംഗ്ഷൻ, അന്നദാനമണ്ഡപത്തിന്റെ സമീപം, നടപ്പന്തൽ, മേലെ തിരുമുറ്റം, ജീപ്പ് റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിലാണ് സ്ട്രച്ചർ സൗകര്യമുള്ളത്.
അസ്കാ ലൈറ്റുകളുടെ സേവനം ഉരക്കുഴി, പാണ്ടിത്താവളം ജംഗഷൻ, അന്നദാനമണ്ഡപത്തിന്റെ സമീപം, വാവർനട, ബെയിലി ബ്രിഡ്ജ്, ജീപ്പ്റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ സജ്ജമാണ്.
മെഗാഫോണുകൾ ഉരക്കുഴി, പാണ്ടിത്താവളം ജംഗ്ഷൻ, അന്നദാനമണ്ഡപം, ബെയിലി ബ്രിഡ്ജ്, ജീപ്പ്റോഡ്, ശരംകുത്തി, ക്യൂ കോംപ്ലക്സ്, മരക്കൂട്ടം, ചരൽമേട് എന്നിവിടങ്ങളിൽ ലഭ്യമാണ്.

## പാണ്ടിത്താവളം മേഖലയിൽ നിന്ന് തിരിച്ചിറങ്ങാൻ രണ്ട് റൂട്ടുകൾ

പാണ്ടിത്താവളം മേഖലയിൽ മകരജ്യോതി ദർശിച്ച് തിരികെയിറങ്ങാൻ രണ്ടു റൂട്ടുകൾ നിശ്ചയിച്ചിട്ടുണ്ട്. പാണ്ടിത്താവളത്ത്നിന്ന് ഹോട്ടൽ ജംഗ്ഷൻ, അന്നദാനമണ്ഡപത്തിന്റെ പിൻവശം, പോലീസ് ബാരക്ക്, ബെയ്‌ലി പാത്ത്വേ, ജീപ്പ് റോഡ് വഴി തിരികെ ഇറങ്ങാം. പാണ്ടിത്താവളം ജംഗ്ഷനിൽനിന്ന് ദർശൻ കോംപ്ലക്സ്, പുൽമേട് എൻട്രി റൂട്ടിന്റെ മധ്യഭാഗം, കൊപ്രാക്കളം,ടാക്റ്റർ

റോഡ്,കെ.എസ്.ഇ.ബി ജംഗ്ഷൻ, ജീപ്പ് റോഡ് വഴി തിരികെ ഇറങ്ങാം. തിരുവാഭരണ ദർശനത്തിന് എത്താൻ അന്നദാനമണ്ഡപത്തിന്റെ മുൻവശം, മാളികപ്പുറം ഫ്ളൈ ഓവറിന് സമീപമുള്ള സിവിൽ ദർശൻ എൻട്രി എന്നീ വഴികൾ ഉപയോഗിക്കാവുന്നതാണെന്ന് സന്നിധാനം പോലീസ് സ്പെഷ്യൽ ഓഫീസർ അറിയിച്ചു.

തിരുവാഭരണ ഘോഷയാത്ര

തിരുവാഭരണ ഘോഷയാത്ര ആരംഭിച്ചു.മകരവിളക്കിന് ശബരിമല അയ്യപ്പന് ചാർത്താനുള്ള തിരുവാഭരണങ്ങൾ വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര പന്തളം വലിയകോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ചു. ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള സംഘമാണ് തിരുവാഭരണപേടകങ്ങൾ ശിരസ്സിലേറ്റുന്നത്. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, പ്രമോദ് നാരായണൻ എംഎൽഎ, ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത്, അംഗങ്ങളായ എ. അജികുമാർ, ജി. സുന്ദരേശൻ, ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ, ജില്ലാ പോലീസ് മേധാവി വി. ജി. വിനോദ് കുമാർ, ശബരിമല എഡിഎം ഡോ. അരുൺ എസ് നായർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ശബരിമല ഇടത്താവളങ്ങളുടെ സൗകര്യം വർധിപ്പിക്കുമെന്ന് മന്ത്രി വാസവൻ

ശബരിമല തീർത്ഥാടകർക്കായി നിലയ്ക്കലിൽ എല്ലാവിധ സൗകര്യങ്ങളുമുള്ള ബഹുനില മന്ദിരം നിർമിച്ചതായി ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ. ഇടത്താവളങ്ങളുടെ സൗകര്യം വർധിപ്പിക്കുന്നതിന് സർക്കാർ അനുവദിച്ച കിഫ്ബി ഫണ്ടിൽ നിന്നുമാണ് കെട്ടിടം നിർമിച്ചത്. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പമ്പ മണപ്പുറത്ത് സംഘടിപ്പിച്ച പമ്പാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എരുമേലി, ചെങ്ങന്നൂർ,

കഴക്കൂട്ടം, ആറ്റിങ്ങൽ എന്നിവിടങ്ങളിലും കെട്ടിടങ്ങളുടെ നിർമാണം സമീപഭാവിയിൽ പൂർത്തിയാകും.

ശബരിമല തീർത്ഥാടകർക്ക് എല്ലാവിധ സൗകര്യങ്ങളും ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യം. ശബരിമല വികസനവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം  കോടിയുടെ മാസ്റ്റർ പ്ലാനിന്  കാബിനറ്റ് അംഗീകാരം ലഭിച്ചു. ഇതിൽ 778 കോടി ശബരിമല  വികസനത്തിനും 255 കോടി പമ്പയുടെ വികസനത്തിനുമാണ്.   പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി മൂന്ന് ഘട്ടങ്ങളിലായി യാഥാർത്ഥ്യമാക്കും. ശബരിമല റോപ്പ്  വേയും  ഉടൻ യാഥാർത്ഥ്യമാകും. ശബരിമലയിൽ എത്തുന്ന വയോധികർക്കും രോഗികളായ തീർത്ഥാടകർക്കും  ഏറെ ആശ്വാസമാകും. ട്രാക്ടറുകളുടെയും ഡോളികളുടെയും ഉപയോഗം ഒഴിവാക്കാനാകും.

എല്ലാ തീർത്ഥാടകർക്കും സുഖദർശനം ഉറപ്പാക്കി പരാതിരഹിത മണ്ഡല മഹോത്സവമാണ് പൂർത്തിയായത്. ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിനും ഏറെ മുമ്പ് സന്നിധാനം, പമ്പ, നിലയ്ക്കൽ, പത്തനംതിട്ട, വിവിധ ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് എത്തി അവലോകന യോഗം നടത്തി. സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും വിവിധ സന്നദ്ധ സംഘടനകളുടെയും ഏകോപിത പ്രവർത്തനത്തിന്റെ ഫലമാണ് തീർത്ഥാടനം സുഗമമായത്. മകരവിളക്കിനും  സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

ദേവസ്വം ബോർഡിന് നേതൃത്വത്തിൽ ശബരിമലയിലെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്തത് സുതാര്യത ഉറപ്പാക്കി. ഇ– ടെൻഡറുകൾ നിലവിൽ വന്നതോടെ നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലായി. വരും വർഷങ്ങളിലും പമ്പാസംഗമം കൂടുതൽ വിപുലമായി നടത്തുമെന്നും മന്ത്രി പറഞ്ഞു.

പത്മശ്രീ ജയറാം വിശിഷ്ട അതിഥി ആയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ.  പി എസ് പ്രശാന്ത് അധ്യക്ഷനായി.  എംഎൽഎമാരായ അഡ്വ. പ്രമോദ്

നാരായണനനും അഡ്വ. കെ യു  ജനീഷ് കുമാറും മുഖ്യാതിഥികളായി പങ്കെടുത്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർമാരായ അഡ്വ. എ. അജികുമാർ, ജി സുന്ദരേശൻ, അദ്ധ്യാത്മിക പ്രഭാഷകൻ ഡോക്ടർ അരവിന്ദ് സുബ്രഹ്മണ്യം, കാവാലം ശ്രീകുമാർ, സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. എ ജി ഒലീന, തിരുവിതാംകൂർ ദേവസ്വം ബോർഡ് സാംസ്കാരിക– പുരാവസ്തു വിഭാഗം ഡയറക്ടർ ആർ. രെജിലാൽ, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് ഗോപി, പെരുനാട് പഞ്ചായത്ത് പ്രസിഡന്റ് പി എസ് മോഹനൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ രഞ്ജിത്ത് ശേഖർ, സന്നിധാനം മാസിക മാനേജർ വിഭു പിരപ്പൻകോട് എന്നിവർ പങ്കെടുത്തു.

## കുഴഞ്ഞുവീണ് മരിച്ചു

അയ്യപ്പദർശനത്തിനെത്തിയ പാലക്കാട് മലമ്പുഴ സ്വദേശി സന്നിധാനത്ത് കുഴഞ്ഞു വീണ് മരിച്ചു. 68 വയസുള്ള വി. രുഗ്മിണിയാണ് മരിച്ചത്. ഞായറാഴ്ച രാവിലെ 7.40 ന് പാണ്ടിത്താവളത്തിനു സമീപം കുഴഞ്ഞു വീണ ഇവരെ സന്നിധാനം ഗവ. ആശുപത്രിയിലെത്തി ച്ചെങ്കിലും 7.55 ന് ഡോക്ടർ മരണം സ്ഥിരീകരിച്ചു. ഹൃദയാഘാതമാണ് മരണകാരണമെന്ന് ഡോക്ടർമാർ അറിയിച്ചു. മൃതദേഹം പിന്നീട് നാട്ടിലേക്ക് കൊണ്ടുപോയി.